**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.455. 07.01.2014 ൽ മറുപടിയ്ക്ക്

ഡ്രൈവിംഗ് സ്കൂളുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>" ബെന്നി ബെഹനാൻ<br>" ആർ. സെൽവരാജ്<br>" എം.എ. വാഹീദ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ഡ്രൈവിംഗ് സ്കൂളുകൾ നവീകരിക്കാൻ മോട്ടോർവാഹന വകുപ്പ് നടപടി എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. ഡ്രൈവിംഗ് സ്കൂളുകൾക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങളെക്കുറിച്ചും പരിശീലനം നൽകുന്നവർക്കുള്ള മിനിമം യോഗ്യതകളെക്കുറിച്ചും ഗതാഗത കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചു. കമ്പ്യൂട്ടർ നിർബന്ധമാക്കി. |
| (ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം നിർദ്ദേശങ്ങളും മാനദണ്ഡങ്ങളുമാണ് പുറപ്പെടുവിച്ചിട്ടുള്ളത് ; | (ബി) | എല്ലാ ഡ്രൈവിംഗ് സ്കൂളുകളും ആറുമാസത്തിൽ ഒരിക്കൽ പരിശോധിയ്ക്കാറുണ്ട്. 1989 ലെ കേന്ദ്ര മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. പുതിയ ഡ്രൈവിംഗ് സ്കൂളുകൾക്ക് ലൈസൻസ് നൽകുന്നതിന് കർശന പരിശോധന നിർബന്ധമാക്കി. പഠിപ്പിയ്ക്കുന്നവർക്ക് പരിശീലനം നൽകുന്നുണ്ട്. കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റ് നടപ്പിലാക്കുക വഴി ഡ്രൈവിംഗ് സ്കൂളുകളുടെ പരിശീലന നിലവാരം ഉയർത്തുന്നതിനും സുതാര്യമാക്കുന്നതിനും കഴിഞ്ഞു. |
| (സി) ഡ്രൈവിംഗ് സ്കൂളുകൾ ഇവ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) | മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിയ്ക്കാത്ത ഡ്രൈവിംഗ് സ്കൂളുകളിൽ അവ കൃത്യമായി പാലിയ്ക്കുവാൻ നിർദ്ദേശിയ്ക്കാറുണ്ട്. ലംഘനമുണ്ടായാൽ, ഡ്രൈവിംഗ് സ്കൂളിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാറുണ്ട്. |
| (ഡി) നവീകരണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരം നൽകുമോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | പ്രചാരണം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.